അനുവദിച്ച അൺ എയ്ഡഡ് സ്ക്കൂളുകൾ

29 [326] ശ്രീ. എ. എ. അസീസ്:

" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള പേരുവിവരം വെളിപ്പെടുത്താമോ;

(ബി) എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾ സർക്കാർ ഏറ്റെടുത്ത് എയ്ഡഡ് സ്ക്കൂളുകളാക്കി മാറ്റി, അവ ഏതെല്ലാം എന്ന് പറയാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗീകാരം കൊടുത്തതും, അപ്ഗ്രേഡ് ചെയ്തതുമായ സ്ക്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 'എ'-യിൽ കൊടുത്തിരിക്കുന്നു.†

(ബി) ഒരു അൺ എയ്ഡഡ് സ്ക്കൂളും എയ്ഡഡ് സ്ക്കൂളാക്കിയിട്ടില്ല.

സംസ്ഥാന യുവജനോത്സവത്തിലെ അപ്പീലുകൾ

30 [327] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പീൽ അനുവദിച്ചതിനെ തുടർന്ന് ഈ വർഷത്തെ സംസ്ഥാന യുവജനോത്സവത്തിൽ എത്ര വിദ്യാർത്ഥികൾ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ അനുവദിച്ച അപ്പീൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഡി. പി. ഐ. അപ്പീൽ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ഡി) ഇത്രയധികം അപ്പീൽ വരാനും അനുവദിക്കാനും ഉണ്ടായ കാരണങ്ങളെ കുറിച്ച് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) അന്യായമായ അപ്പീലുകൾ നിരുത്സാഹപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 106 പേർ.

(ബി) 1. തിരുവനന്തപുരം 18
2. കൊല്ലം 3
3. പത്തനംതിട്ട

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly